# കേരള സർവകലാശാല

നം.പി.ആർ.28/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 (സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ മെക്കാനിക്കൽ, സിവിൽ, കെമിക്കൽ, ഇൻഡസ്ട്രിയൽ, ഓട്ടോമൊബൈൽ, എയറോനോട്ടിക്കൽ, പ്രൊഡക്ഷൻ എന്നീ ബ്രാഞ്ചുകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 2020 ഫെബ്രുവരി 15. കരട് മാർക്ക് ലിസ്റ്റ് ലഭിക്കാൻ പരീക്ഷാർത്ഥികൾ വെബ് പോർട്ടലിൽ ലോഗിൻ ചെയ്യുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീമിലെ 2015 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മാത്രമായി നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി ഡിഗ്രി പരീക്ഷ ഒക്ടോബർ 2019 ന്റെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ആഗസ്റ്റിൽ നടത്തിയ മൂന്നാം വർഷ ബി.എ/ബി.എ അഫ്സൽ–ഉൽ–ഉലാമ (ആന്വൽ സ്കീം – സപ്ലിമെന്ററി) പാർട്ട് മൂന്ന് മെയിൻ ആന്റ് സബ്സിഡിയറി പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർത്ഥികൾ ഓൺലൈനായി ഫെബ്രുവരി 14 വരെയും ഓഫ്ലൈൻ വിദ്യാർത്ഥികൾ ഫീസടച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ ഫെബ്രുവരി 27 വരെയും അപേക്ഷിക്കാം. ഓൺലൈൻ വിദ്യാർത്ഥികളുടെ കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. തോറ്റ വിദ്യാർത്ഥികൾ ഏപ്രിൽ 2019 ലെ പരീക്ഷകൾക്ക് പിഴകൂടാതെ 2020 ഫെബ്രുവരി 10 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 13 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും അപേക്ഷിക്കാം.

### പരീക്ഷാഫീസ്

2020 മാർച്ചിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്സ് (2018 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി), (2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ 2020 ഫെബ്രുവരി 12 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 20 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടക്കുന്ന നാലാം സെമസ്റ്റർ എം.എസ്സ് (2018 സ്കീം റെഗുലർ), (2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ 2020 ഫെബ്രുവരി 11 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

വിദൂരവിദ്യാഭ്യാസ വിഭാഗം ആറാം സെമസ്റ്റർ (2017 – 18) ബി.എ, ബി.എസ്.സി, ബി.കോം സമ്പർക്ക ക്ലാസുകൾ ഫെബ്രുവരി 8 മുതൽ കാര്യവട്ടം, കൊല്ലം സെന്ററുകളിൽ ആരംഭിക്കുന്നതാണ്.

## ഡോ.രാമകുമാർ സ്മാരക ക്വിസ് മത്സരം

ജനസംഖ്യാ ശാസ്ത്ര വിഭാഗത്തിന്റേയും അലുമിനി അസോസിയേഷന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് ജനസംഖ്യ, പൊതുവിജ്ഞാനം, സമകാലിക വാർത്തകൾ എന്നീ വിഷയങ്ങളെ അധികരിച്ച് ഫെബ്രുവരി 8 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഡോ.രാമകുമാർ സ്മാരക ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും കൂടാതെ ഡോ.രാമകുമാർ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും സമ്മാനമായി നൽകുന്നു. ഒരു കോളേജിൽനിന്ന് രണ്ടു പേരുള്ള ഒരു ടീമിന് പങ്കെടുക്കാം. താല്പര്യമുള്ളവർ തിരിച്ചറിയൽ കാർഡും പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവുമായി ഫെബ്രുവരി 8 ന് രാവിലെ 9.30 ന് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 – 2308057

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
05.02.2020